(ഇ) കോഴിക്കോട് ജില്ലാ കളക്ടറേറ്റിലാണ് ഇപ്പോൾ അപ്നാ ബസാർ പ്രവർത്തിച്ചു വരുന്നത്.

(എഫ്) മറ്റ് ജില്ലാ കളക്ടറേറ്റുകളിലും ഇത്തരത്തിൽ അപ്നാ ബസാറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു വരുന്നു. അനുയോജ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ ഭരണാധികാരികളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

എട്ടാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തവർക്ക് പുതിയ പാക്കേജ്

23 (*623) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1-3-2002-നും 30-6-2004-നും ഇടയിൽ വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എട്ടാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത കാലയളവിൽ വിരമിച്ചവർക്ക് നഷ്ടം നികത്താൻ പര്യാപ്തമായവിധത്തിൽ ഒരു പാക്കേജിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽ കാലയളവിൽ വിരമിച്ച സർക്കാർ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന തത്വമനുസരിച്ച് 8-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ 1-3-2002 മുതൽ നടപ്പിലാക്കിയിരുന്നുവെങ്കിൽ, ഈ കാലയളവിൽ വിരമിച്ചവർക്കും ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭിക്കുമായിരുന്നുവെന്നും, ആയതിനാൽ അവർക്കുകൂടി ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം നൽകി പെൻഷൻ പുനഃക്രമീകരിക്കണമെന്നുള്ളതുമാണ് പ്രധാന ആവശ്യം.

(സി & ഡി) പരിശോധിച്ചുവരുകയാണ്.

2214/12

LIBRARY ARCHIVES Kerala Legislative Assembly